# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1955      05.10.16 -ൽ മറുപടിക്ക്

## റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നബാർഡ് സഹായത്തോടെ റെഗുലേറ്റർ കം ബ്രിഡ്ജ് പണിയുന്നതിനായി എ.എസ്. ലഭിച്ചുവെങ്കിലും മെക്കാനിക്കൽ ഡിസൈൻ & എസ്റ്റിമേറ്റ് തയ്യാറാക്കാൻ വൈകുന്നതിനാൽ പദ്ധതി തടസ്സപ്പെടുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മെക്കാനിക്കൽ, സിവിൽ വിഭാഗം ഉദ്യോഗസ്ഥന്മാരുടെ സംയുക്ത യോഗം നടത്തി ഇക്കാര്യം സമയബന്ധിതമായി പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നബാർഡ് സഹായത്തോടെ റെഗുലേറ്റർ കം ബ്രിഡ്ജിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാലായി വളവിൽ പണിയുവാൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അംഗീകരിച്ച സിവിൽ ഡിസൈൻ ഐ.ഡി.ആർബി. തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ഡിസൈൻ, ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) ന്റെ പരിഗണനയിലുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണം വൈകുന്ന സാഹചര്യത്തിൽ സിവിൽ വർക്കും മെക്കാനിക്കൽ വർക്കും രണ്ടായി തിരിക്കുന്നതിനും മെക്കാനിക്കൽ വിഭാഗം ജോലികൾ സിവിൽ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് മെക്കാനിക്കൽ വിഭാഗത്തിൽനിന്നും ക്രമീകരിക്കുന്നതിനും ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയരുമായി കൂടിയാലോചിച്ച് തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെ വരുമ്പോൾ ഏകദേശം 6 മാസം സാവകാശം മെക്കാനിക്കൽ ജോലികൾ തുടങ്ങാൻ കിട്ടുന്നതാണ്. രണ്ടു മാസത്തിനുള്ളിൽ മെക്കാനിക്കൽ വർക്കുകളുടെ ടെണ്ടർ നടപടികൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ